**Week - 4**

# Weekly Devotion - November 2018

## The parable of figs (അത്തിപ്പഴത്തിന്റെ ഉപമ)



തന്റെ അരുമനാഥനായ ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ആധിക്യത്താൽ കത്തിയെരിയുന്ന വ്യക്തിത്വമായിരുന്നു വിഗിൾസ്വർത്ത് എന്ന തൊഴിലാളിയുടേത്. ഒരിക്കൽ ഒരു സുവിശേഷയോഗത്തിനു പുറപ്പെട്ട വിഗിൾസ്വർത്തിന് ബസ്സിന്റെ മുൻഭാഗത്തെ സീറ്റാണ് ഇരിക്കുവാൻ കിട്ടിയത്. സ്വല്പം കഴിഞ്ഞപ്പോൾ വേദപുസ്തകം എടുത്ത് ഒരു ഭാഗം വായിച്ച അദ്ദേഹം സംസാരിപ്പാനാരംഭിച്ചു. ക്രമേണ യാത്രക്കാരിലൊരു ചലനം ഉണ്ടായി. അവർ കരയുവാനാരംഭിച്ചു. അവരിൽ അഭിക്ഷേകം പ്രാപിച്ചവർ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു, ഒരു പൊതു യാത്രാവണ്ടിയിൽ ഇതുപോലെ കത്തിയെരിയുവാൻ നമുക്ക് കഴിയുമോ? ഇപ്രകാരം സമർപ്പണമുള്ളവരെയാണ് കർത്താവ് തിരയുന്നത്. ഈ ഭൂമിയിൽ എന്തെങ്കിലും ചെയ്യുവാൻ ഇപ്രകാരമുള്ളവർക്കേ കഴിയുകയുള്ളൂ. ഇപ്രകാരമുള്ളവരാണ് ദൈവം നന്മയ്ക്കായുപയോഗിക്കുന്ന തലപ്പഴങ്ങൾ.

യിസ്രായേൽ ജനത്തിന്റെ മതജീവിതവും രാഷ്ട്രീയ ജീവിതവും കനാനിൽ കുടിയേറി പാർത്തശേഷം അങ്ങേയറ്റം ദുഷിച്ചു പോയി. മതം ചില നിർജ്ജീവ ചടങ്ങുകളുടെ സമാഹാരമായി മാറി. ബാബിലോന്യ സാമ്രാട്ടിന്റെ ആക്രമണവും, യഹൂദജനത്തെ ബാബിലോണിലേക്ക് പ്രവാസികളായി പിടിച്ചുകൊണ്ടുപോകുന്നതും ദൈവം യിസ്രായേലിനെ നവീകരണത്തിലേക്ക് ആനയിക്കുന്നതിന്റെ ആമുഖപ്രവർത്തനങ്ങളായിരുന്നു. കാരണം പ്രവാസഫലമായി മതസ്ഥാപനങ്ങളും, രാജസ്ഥാപനങ്ങളും ഇല്ലാതാകുമ്പോൾ ജനം ദൈവത്തിൽ മാത്രം ആശ്രയിക്കുവാൻ പഠിക്കും അങ്ങനെ അവർ നവീകരണം പഠിക്കുകയും ചെയ്യും. പിന്നെ യെരുശലേമിലേക്ക് മടങ്ങുമ്പോൾ മിസ്രേമിൽ നിന്നുള്ള മടങ്ങിവരവിനേക്കാൾ ആത്മീയമായി പ്രാധാന്യമുള്ള ഒരുപുറപ്പാടാകും അത്. പ്രവാസത്തിൽ പോയവരാണ് ദൈവത്തിന്റെ ജനമായി മാറുന്നത്. ഇവരിലൂടെയാണ് ദൈവ ഉദ്ദേശം പ്രാവർത്തിമാകുന്നത്.

രണ്ട് അത്തിപ്പഴ കൊട്ടകൾ യിരെമ്യാവിനെ കാട്ടികൊടുത്താണ് പുതിയപാഠം പഠിപ്പിച്ചത്. ഒരു കൊട്ടയിലെ അത്തിപ്പഴം തിന്മാൻ ഏറ്റവും നല്ലതായ തലപ്പഴങ്ങളാണ്. ഇതിനെ ഉപമിച്ചത് കൽദയരുടെ ദേശത്ത് പരദേശികളായി പാർക്കുന്നവരോടാണ്. പരദേശവാസം കഷ്ടതയും മാനസിക സംഘർഷവും ഉണ്ടാകുന്നതുമാണ് ഉദാ: പുറ: (2:23,24), എന്നാൽ ദൈവം നന്മക്കായിട്ടാണ് പ്രവാസികളുടെ മേൽ തന്റെ ദൃഷ്ടി വച്ചിരിക്കുന്നത്. യിരെ (24:6)

എന്താണ് പ്രവാസം? നാം ആകേണ്ട സ്ഥലത്തു നിന്ന് മാറി മറ്റൊരിടത്ത് പാർക്കുന്നത്, പ്രവാസം, നാം പ്രവാസികളായിട്ടാണ് ഇവിടെ പാർക്കുന്നത്, പൂർവ്വപിതാക്കന്മാരെല്ലാം തങ്ങൾ പ്രവാസികൾ അഥവാ പരദേശികൾ എന്ന് വിശ്വസിച്ചിരുന്നു. യാക്കോബ് തന്റെ പ്രായത്തിന് നൽകിയ വ്യാഖ്യാനം, "പരദേശപ്രയാണം" എന്നാണ്, സഭയും ജനവും ഇന്ന് സമ്പത്ത് വർദ്ധിച്ചപ്പോൾ, അഥവാ സഭയുടെ പഴക്കം കൂടിയപ്പോൾ പ്രവാസി എന്ന ചിന്ത സ്വയം മറക്കുന്നവരും ആ ചിന്ത പകരാത്തവരുമായിത്തീർന്നിരിക്കുന്നു. പുതു തലമുറയിലേക്ക് ഈ ചിന്ത പകരുവാൻ കഴിഞ്ഞി

ല്ലെങ്കിൽ പ്രവാസകാലം സ്വയംഭൂവാകുന്നത് ഒന്നിനും കൊള്ളാത്ത ഒരു കൂട്ടമായിട്ടായിരിക്കും. കൽദയദേശത്തേക്ക് നന്മയ്ക്കായി ദൈവം അയച്ച പ്രവാസികളുടെ ജീവിതത്തെ എങ്ങനെ പ്രയോജനപ്പെടുത്തുമെന്ന് യിരെ:(24:5-7) വരെയുള്ള ഭാഗത്ത് കാണുന്നു.

ദാനിയേൽ പ്രവചനത്തിൽ ദൈവം എങ്ങനെ പ്രവാസികളെ ഉപയോഗിച്ചു എന്ന് കാണാം. രാജഭോജനത്താൽ കളങ്കം ഏല്ക്കാതെ അഥവാ, അശുദ്ധി പ്രാപിപ്പാൻ ഇടവരാതെ അവർ അവരെത്തന്നെ സൂക്ഷിച്ച ധൈര്യം അപാരമത്രേ. ദൈവം സകല വിദ്യയിലും ജ്ഞാനത്തിലും, നിപുണതയും/ സാമർത്ഥ്യവും അവർക്ക് നൽകിയിരുന്നു. കൂടാതെ സകല ദർശനങ്ങളെയും സ്വപ്നങ്ങളെയും വ്യാഖ്യാനിപ്പാനുള്ള കഴിവും നൽകി അനുഗ്രഹിച്ചു. അതിനാലാണ് ഈ പ്രവാസികളെ നന്മയ്ക്കായി പ്രവാസത്തിലേക്കയച്ചവർ എന്ന് നാമകരണം ചെയ്യുകയും തലപ്പഴത്തോട് ഉപമിക്കുകയും ചെയ്തത്.

ഇവിടെയല്ല എന്റെ പാർപ്പിടം, ഇത് താല്ക്കാലിക വാസസ്ഥലമാണ് എന്ന് പ്രവാസിയ്ക്ക് ചിന്തിപ്പാൻ കഴിയണം. എന്നാൽ പ്രവാസകാലം വിശ്വസ്തതയോടെ തന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കും എന്നുള്ളവർക്കേ സകലവും നന്മക്കായി ഭവിക്കുകയുള്ളൂ.

'(Men many come and men may go

But I go on for ever' എന്ന് തേംസ് നദി ചിന്തിയ്ക്കുന്നതായി Tenny son കോറിയിട്ട വരികൾ ശ്രദ്ധിക്കുക. ആളുകൾ നദീതീരത്ത് വരുകയും പോകുകയും ചെയ്യും എന്നാൽ നിത്യം തന്നെ ഏല്പിച്ച ജോലി ശരിയായി ചെയ്യുക എന്നതാണ് നദിയിടെ ഉത്തരവാദിത്തം. പ്രവാസത്തിലേക്കച്ചവന്റെ ഉദ്ദേശം മനസ്സിലാക്കി ശരിയായി പ്രവർത്തിച്ചാൽ തലപ്പഴമായി സൂക്ഷിച്ച അത്തിപ്പഴമാകുവാൻ കഴിയും.

പ്രവാസത്തിലേക്ക് പോകാതെ മിസ്രേമിൽ പാർക്കുന്നവർ, പ്രവാസത്തിലെ കഷ്ടത കണ്ട് ഏല്പിച്ച ജോലി ചെയ്യാത്തവർ, വീണ്ടും മിസ്രേമിലേക്ക് പ്രവാസത്തിൽ നിന്ന് തിരിച്ചുപോയവരും പോകാനാഗ്രഹിക്കുന്നവരും എല്ലാം,രണ്ടാമത്തെ കുട്ടയിലെ ഒന്നിനും കൊള്ളാത്ത അത്തിപ്പഴങ്ങളാണ്. ഇവർക്ക് എന്തു സംഭവിക്കുമെന്ന് യിരെ :(24:9,10) വാക്യങ്ങളിൽ കാണുന്നു. നാം ഇതിൽ ഏത് കൂട്ടത്തിലുള്ളവർ?

പ്രിയകുഞ്ഞുങ്ങളെ, എനിക്ക് എന്റെ യേശുവിനെ കാണണം അതിനായി ഈ ഭൂമിയിലെ പരദേശപ്രയാണം വിശ്വസ്തതയോടെ പൂർത്തിയാക്കുവാൻ ശ്രമിക്കുക. അപ്രകാരം ഒന്നാമത്തെ കുട്ടയിലെ തലപ്പഴമായ അത്തിപ്പഴമാകുവാൻ ദൈവം ഓരോരുത്തരേയും സഹായിക്കട്ടെ.


Santhamma Varghese

*Website: www.biblestudy.co.in*

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind